# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6257** **20.11.2019 ലെ മറുപടി**

### പട്ടാമ്പിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ തടയണ

**ചോദ്യം**

**ശ്രീ. മുഹമ്മദ് മുഹസിൻ.പി :**

പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന തടയണയുടെ നിലവിലുള്ള സ്റ്റാറ്റസ് അറിയിക്കാമോ; ഈ പദ്ധതിയുടെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

ഭാരതപ്പുഴയ്ക്ക് കുറുകെ പട്ടാമ്പി കോസ്‌വേയുടെ അപ്സ്ട്രീമിലായി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി ഡിസൈൻ അംഗീകരിച്ച് ലഭ്യമായിട്ടുണ്ട്. എന്നാൽ ടി റെഗുലേറ്റർ, നിലവിലുള്ള ചെങ്ങനാംകുന്ന് റെഗുലേറ്ററിന്റെ ഏകദേശം 4.50 കിലോമീറ്റർ ഡൗൺസ്ട്രീമിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഐ.ഡി.ആർ.ബി. ഡിസൈൻ പ്രകാരം ഈ റെഗുലേറ്ററിന് 3.50 മീറ്റർ ഉയരമുണ്ട്. എന്നാൽ ഇതു പ്രകാരം പ്രസ്തുത റെഗുലേറ്റർ നിർമ്മിച്ചാൽ ചെങ്ങനാം കുന്ന് റെഗുലേറ്ററിലേയ്ക്ക് വെള്ളം കയറി നിൽക്കാൻ സാധ്യതയുണ്ട്. ആയതിനാൽ ടി സ്ഥലത്ത് റെഗുലേറ്ററിന് പകരം 1.50 മീറ്റർ ഉയരത്തിലുള്ള തടയണ നിർമ്മിച്ചാൽ ചെങ്ങനാം കുന്ന് റെഗുലേറ്റർ വരെ ജലം സംഭരിക്കുവാനും, കീഴായൂർ, ഞാങ്ങാട്ടിരി, തിരുമിറ്റക്കോട് തുടങ്ങിയ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിലേയ്ക്ക് ജല ലഭ്യത ഉറപ്പു വരുത്തുവാനും സാധിക്കുന്നതാണ്. ആയതിനുള്ള റീഡിസൈൻ ഐ.ഡി.ആർ.ബി യിൽ നിന്ന് ലഭ്യമാക്കി ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(signature)

**സെക്ഷൻ ഓഫീസർ**